2025 AUG
3
TO
9




HMYS HSS KOTTUVALLIKKAD School Code:25056 email:hmyshss25056@gmail.com Sub Dt:North Paravur Volume -10




## സ്കൂളിന്റെ വിശേഷങ്ങളും അറിവുകളുമായി സ്കൂൾ പത്രം പത്താം പതിപ്പിലേക്ക്



"സ്കൂൾ പത്രം സ്കൂളിന്റെ ശബ്ദമാകുന്നു"

സ്കൂളിലെ പ്രധാന പരിപാടികൾ, അറിയിപ്പുകൾ, മത്സരഫലങ്ങൾ, അക്കാദമിക് നേട്ടങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കുംരക്ഷിതാക്കൾക്കും വിവരങ്ങൾ നൽകുന്നു.പത്രത്തിലൂടെ മത്സരഫലങ്ങളും ഫോട്ടോകളും നൽകുന്നതിലൂടെ കുട്ടികളിൽ ആരോഗ്യകരമായ മത്സരബുദ്ധി വളർത്തുകയും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മുൻകൂട്ടിഅറിഞ്ഞ് മത്സരങ്ങളിൽ തയ്യാറെടുപ്പുകൾനടത്തി അവരിൽനിന്ന് മികച്ച പ്രകടനത്തെ പുറത്തെടുക്കുവാനും കൂടുതൽ കുട്ടികളുടെ പങ്കാളിത്തത്തിനും കാരണമാകുന്നു.

സ്കൂൾ പത്രം സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവർക്കും ധാരണ നൽകാൻ സഹായിക്കുന്നു. സ്കൂൾ പത്രത്തിന്റെ പത്താം പതിപ്പിലേക്ക് കടക്കുന്ന ഈ വേളയിൽ വിദ്യാർത്ഥികൾ എല്ലാവരും നിർബന്ധമായും പത്രം വായിക്കണമെന്ന് ഓർമിപ്പിച്ചു കൊണ്ട് എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

ഇ എൻ ബിന്ദു (ഹെഡ്മിസ്ട്രസ്സ്)

## ക്വിറ്റ് ഇന്ത്യ ദിനവും ഹിരോഷിമ - നാഗസാക്കി ദിനവും ആചരിച്ചു



ഹിരോഷിമ ദിനത്തിൽ സ്കൂളിൽ നടത്തിയ പ്രത്യേക അസംബ്ലിയിൽ നിന്ന്

കൊട്ടുവള്ളിക്കാട് : ആഗസ്റ്റ് 6 ന് ഹിരോഷിമദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ പ്രത്യേകഅസംബ്ലിയും സെമിനാറും നടത്തി. സ്കൂളിലെ എസ് പി സിയൂണിറ്റിന്റെനേതൃത്വത്തിൽ ആഗസ്റ്റ് 8 ക്വിറ്റ് ഇന്ത്യദിനവും ആഗസ്റ്റ് 9 നാഗസാക്കി ദിനവും വിവിധ പരിപാടികളോടെ ആചരിച്ചു . ദിനാചരണങ്ങളുടെ ഭാഗമായി ബോധവൽക്കരണ റാലി, പ്രശ്നോത്തരി, പ്രഭാഷണം, യുദ്ധ വിരുദ്ധ പോസ്റ്റർ മത്സരം തുടങ്ങിയവ യും സംഘടിപ്പിച്ചു. റിട്ടയേർഡ് ബിപിഒ ശ്രീ എൻ എ ഭാനുപ്രിയൻ മാസ്റ്റർ, റിട്ടയേഡ് എസ് ഐ ശ്രീ പി എച്ച് ജഗദീശൻ തുടങ്ങിയവർ കുട്ടികൾക്ക് ക്ലാസ് എടുത്തു. അധ്യാപകരായ മനോജ് മാസ്റ്റർ, സൗമ്യ ടീച്ചർ, ശാരി ടീച്ചർ സോഷ്യൽ സയൻസ് വിഭാഗം അധ്യാപകരായ മിനി ടീച്ചർ ആൻസി ടീച്ചർ തുടങ്ങി യവർ നേതൃത്വം നൽകി. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കായി ക്വിറ്റ് ഇന്ത്യ ക്വിസ് മത്സരം ഹിരോഷിമ നാഗസാക്കി പോസ്റ്റർ രചന മത്സരം, ഉപന്യാസ മത്സരം എന്നിവയും സംഘടിപ്പിച്ചു.

**ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം:**

(1942 ഓഗസ്റ്റ് 8)

രണ്ടാം ലോക മഹായുദ്ധ സമയത്ത് 1942 ഓഗസ്റ്റ് 8 ന് മഹാത്മാ ഗാന്ധി ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ ബോംബെ സമ്മേളനത്തിൽ ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആരംഭിച്ച ഒരു പ്രസ്ഥാനമാണ്ക്വിറ്റ് ഇന്ത്യാപ്രസ്ഥാനം. ഇതിൻ്റെ ഫലമായി ഇന്ത്യയിലെ ജനങ്ങളിൽ ദേശീയത, ഐക്യം എന്നിവ വളർത്തുവാൻ ഈപ്രസ്ഥാനം കൊണ്ട് സാധിച്ചു. ഇതിൻ്റെ സ്മരണ പുതുക്കുന്നതിനായും കഷ്ടപ്പാടുകളും യാതനകളും അനുഭവിച്ച ഒരു തലമുറയെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി ആഗസ്റ്റ് 8 ക്വിറ്റിന്ത്യാ ദിനമായി രാജ്യത്തെങ്ങും ആചരിക്കുന്നു.

**ഹിരോഷിമ - നാഗസാക്കി ദിനങ്ങൾ**

രണ്ടാം ലോക മഹായുദ്ധ സമയത്ത് അമേരിക്കൻസേന ജാപ്പനെ പരാജയപ്പെടുത്തുന്നതിനായി ജപ്പാനിലെപ്രധാന നഗരങ്ങളായ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് വർഷിച്ചതിന്റെ സ്മരണക്കായാണ് ഹിരോഷിമ ദിനവും നാഗസാക്കി ദിനവും ആചരിക്കുന്നത്. ഓഗസ്റ്റ് 6ന് ഹിരോഷിമയിലും ഓഗസ്റ്റ് 9 ന് നാഗസാക്കിയിലും അണുബോംബ് വർഷിച്ചു. ഈദുരന്തത്തിൽ ലക്ഷക്കണക്കിന് ആളുകൾ തൽക്ഷണം കൊല്ലപ്പെടുകയും നിരവധി ആളുകൾ പിന്നീട് രോഗബാധിതരായി മരണമടയുകയുംചെയ്തു ഈദുരന്തം ലോകമെമ്പാടുമുള്ള ആളുകൾക്ക്ആണവായുധങ്ങളുടെ ഭീകരതയെക്കുറിച്ചും സമാധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഓർമ്മപ്പെടുത്തുന്നു.

**ഹിരോഷിമ ദിനം:**

1945 ഓഗസ്റ്റ്6 രാവിലെ 8:15ന്അമേരിക്കൻ വ്യോമസേന ഹിരോഷിമയിൽ ലിറ്റിൽബോയ് എന്ന അണുബോംബ് വർഷിച്ചു. ഈ സ്ഫോടനത്തിൽ ഏകദേശം 140,000 ആളുകൾ തൽക്ഷണം കൊല്ലപ്പെട്ടു, കൂടാതെ നിരവധി ആളുകൾക്ക്പരിക്കേറ്റു,പിന്നീട്അവരിൽപലരും രോഗബാധ മൂലം മരണമടഞ്ഞു.




**നാഗസാക്കി ദിനം:**
1945 ഓഗസ്റ്റ് 9ന് അമേരിക്കൻ വ്യോമസേന നാഗസാക്കിയിൽ "ഫാറ്റ് മാൻ" എന്ന രണ്ടാമത്തെ അണുബോംബ് വർഷിച്ചു. ഈ സ്ഫോടനത്തിൽ ഏകദേശം 74,000 ആളുകൾ തൽക്ഷണം കൊല്ലപ്പെട്ടു, കൂടാതെ നിരവധി ആളുകൾക്ക് പരിക്കേറ്റു, പിന്നീട് അവരിൽ പലരും രോഗബാധ മൂലം മരണമടഞ്ഞു ഈ ദിനങ്ങൾ ആചരിക്കുന്നതിലൂടെ ആണവായുധങ്ങളുടെ ഉപയോഗത്തിനെതിരെ ലോക ജനതയെ ബോധവൽക്കരിക്കുകയും സമാധാന പരമായ സഹവർത്തിത്വത്തിന് വേണ്ടി വാദിക്കുകയും ചെയ്യുന്നു.



നാഗസാക്കി ദിനാചരണത്തിന്റെ പ്രസക്തിയെക്കുറിച്ച് ശ്രീ പി. എച്ച്. ജഗദീശൻ സർ കുട്ടികൾക്ക് ക്ലാസ് എടുക്കുന്നു.



ക്വിറ്റിന്ത്യാ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് റിട്ടയേർഡ് ബി പി ഒ ശ്രീ ഭാനുപ്രിയൻ മാസ്റ്റർ കുട്ടികൾക്ക് ക്ലാസ് എടുക്കുന്നു.




## പുതിയ പദങ്ങൾ പരിചയപ്പെടാം












ക്ലാസ് റൂം വൃത്തിയായി സൂക്ഷിക്കുന്നതിന് നൽകുന്ന ഉപഹാരത്തിന് അർഹരായ ഈ ആഴ്ചയിലെ വിജയികൾ - 10 A . ക്ലാസ് ടീച്ചർ ലിജി ടീച്ചറും കുട്ടികളും ചേർന്ന് സീനിയർ അധ്യാപിക ബിന്ദു ടീച്ചറിൽ നിന്ന് ഉപഹാരം ഏറ്റുവാങ്ങുന്നു.



യു എസ് എസ് വിജയികളെ അസംബ്ലിയിൽപ്രത്യേകം അനുമോദിച്ചു. (ഗൗതം കൃഷ്ണ ES, ബാല K S, അലോണ K A, ആർദ്ര M R , നാഹ ആൻറണി, അമേയ EN )

## കുട്ടികളുടെ പ്രശ്നങ്ങൾ അത്ര കുട്ടി പ്രശ്നമല്ല




മാനസിക സമ്മർദ്ദത്തെ തുടർന്ന്കുട്ടികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഗുരുതരമാവുകയാണ്. മാറേണ്ടത് കുട്ടികൾ മാത്രമല്ല, മാതാപിതാക്കളും അധ്യാപകരും സമൂഹവുമാണ്. കുട്ടികളിലെ മാനസിക സമ്മർദ്ദം അവർക്ക് പരിഹരിക്കാൻ സാധിക്കാത്ത വിധം ഗുരുതരമാണ്. കുട്ടികൾ മൊബൈൽ ഫോണിനെ അടിമകളാകുന്നതും മാതാപിതാക്കളുടെയും അധ്യാപകരുടെയും അനുമതിയില്ലാതെ കാര്യങ്ങൾ ചെയ്യുന്നതും പതിവാണ്. മാതാപിതാക്കളും അധ്യാപകരും കുട്ടികളുടെ പെരുമാറ്റവും മാനസികാരോഗ്യവും കാര്യമായി നിരീക്ഷിക്കണം.മികച്ച മാതാപിതാക്കൾക്കും മാതൃക അധ്യാപകർക്കുംമികച്ച കുട്ടികളെ സൃഷ്ടിച്ചെടുക്കാൻ സാധിക്കും.

ഇക്കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കാം:

1 . മൊബൈൽ ഫോൺ ഉപയോഗം പരിമിതപ്പെടുത്താം.

2.ഒരേസമയം കുട്ടികൾ ഒന്നിലധികംപ്രവർത്തനങ്ങളിൽ ഏർപ്പെടാതെ കളിക്കുമ്പോൾ കളിക്കുകയും പഠിക്കുമ്പോൾ പഠിക്കുകയുമാണ് വേണ്ടത്.

3. കുട്ടികളെ പരസ്യമായി ശാസിക്കാതിരിക്കുക

4. മാർക്കിന് അമിതപ്രാധാന്യം കൊടുക്കാതിരിക്കുക. ഓരോ കുട്ടിയുടെയും മാർക്ക് നേടാനുള്ള കഴിവ് വ്യത്യസ്തമായിരിക്കും.

5. ഓരോവസ്തുവിന്റെയും മൂല്യം കണക്കാക്കുന്നത് അവയുടെ വിലയുടെ അടിസ്ഥാനത്തിലാകരുത്.

6. തോൽവി എന്നത് ഒന്നിനെയും അവസാനമല്ല എന്ന് കുട്ടികളെ പഠിപ്പിക്കണം. പരീക്ഷകളിലും മത്സരങ്ങളിലും തോൽക്കുന്നവർക്ക് പിന്നെയും അവസരങ്ങൾ ഉണ്ടെന്ന് കുട്ടികളും രക്ഷിതാക്കളും ഓർക്കണം.



ഹിരോഷിമ- നാഗസാക്കി ക്വിസ് വിജയികൾ
1st ബാല K S (8 B)
2nd അലേസ്സിയോ ആൻറണി(9B)
3rd നാഹ ആൻറണി( 8 B)



ക്വിറ്റ് ഇന്ത്യദിനക്വിസ് മത്സരവിജയികൾ
1st അലേസ്സിയോ ആൻറണി (9B)
2nd വൈഷ്ണവ് (9 B)
3rd ആൽവിൻ (9 D)



സാമൂഹ്യ ശാസ്ത്ര മേള H. S സ്റ്റിൽ മോഡൽ
വേദിക (8A)



ഹിരോഷിമ- നാഗസാക്കി പോസ്റ്റർ രചന വിജയികൾ
1-തീർത്ഥലക്ഷ്മി 9B 2- പ്രണിത VR 8C



प्रेमचंद जयंती पोस्टर डिज़ाइनिंग प्रतियोगिता
1st तीर्थलक्ष्मी, 2nd लक्ष्मी नक्षत्र



വൈകുന്നേരങ്ങളിൽ പരിശീലനത്തിൽഏർപ്പെട്ടിരിക്കുന്ന കായികതാരങ്ങൾ

വോളിബോൾ 3 കോർട്ടിലും ബോൾ ബാഡ്മിന്റൺ ഫുട്ബോൾ എന്നിവ ഓരോ കോർട്ടിലുമായി നൂറിലധികം കുട്ടികൾ ദിവസവും പരിശീലനം നടത്തി വരുന്നു.

